**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5885

04.11.2016-ൽ മറുപടിയ്ക്ക്

# നിലമ്പൂർ മണ്ഡലത്തിലെ ബൈപാസ് റോഡ്

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലമ്പൂർ മണ്ഡലത്തിലെ ബൈപാസ് റോഡ് നവീകരണത്തിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) നിലമ്പൂർ മണ്ഡലത്തിലെ ബൈപാസ് റോഡ് നവീകരണത്തിന് 2016-17 വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ 100 കോടി രൂപയും, പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടിക്ക് വേണ്ടി പുതുക്കിയ ബഡ്ജറ്റിൽ 105 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;<br><br>(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ നിലവിൽ ആരുടെ പരിഗണനയിലാണുള്ളത് എന്ന് അറിയിക്കാമോ; | (ബി) & (സി) ഇല്ല. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) നിലമ്പൂർ മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെട്ട നിലവിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;<br><br>(ഇ) പ്രസ്തുത പദ്ധതിയിൽ ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ, ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ? | (ഡി) & (ഇ) നിലമ്പൂർ മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെട്ട കൂട്ടപ്പാടി പാലത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ മറ്റ് നബാർഡ് പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ